# ബന്ധങ്ങളുടെ മാനദണ്ഡം

''ദേ കണ്ടോ, അവന്റെ ഒരു ഭാവം. എന്ത് പ്രാരാബ്ധത്തിൽ കഴിഞ്ഞുകൂടിയവനാന്നറിയോ? അന്ന് നമ്മളൊക്കെത്തന്നെ ഉണ്ടായിരുന്നുള്ളു. ഇപ്പോ ഗൾഫിലൊക്കെ പോയി നന്നായി വന്നപോ നമ്മളെയൊന്നും വേണ്ടാതായി. ങ്ഹാ, നടക്കട്ടെ.'' ലീവിന് നാട്ടിൽ വന്ന ഗൾഫ് കാരന്റെ ഭാവം കണ്ട കൂട്ടുകാരുടെ പരിഭവം. ഈ പരിഭവം അവൻ നമുക്കൊന്നും തന്നി ല്ലല്ലോ എന്ന പ്രയാസത്തിൽനിന്നുള്ളതല്ല. സമീപനത്തിൽ വന്ന മാറ്റം ഉൾക്കൊള്ളാൻ കഴി യാത്തതാണ്. അത് സ്വാഭാവികമാണ്. അങ്ങനെ പരിഭവിക്കുന്നവരെ പഴിക്കുന്നതിൽ അർഥമില്ല.

തന്റെ ദാരിദ്ര്യാവസ്ഥയിൽ കൂടെ നടന്നവരെ സമ്പന്നാവസ്ഥയിൽ കൈവെടിയുന്നത് വിവേകപൂർണമല്ല. കാരണം, പണം സ്ഥായിയായ ഒന്നല്ല. അതിന്റെ പേരിൽ അഹങ്കരിക്കു ന്നതും മേനിനടിക്കുന്നതും ബുദ്ധിപൂർവകവുമല്ല. സ്വയം പര്യാപ്തി നടിക്കുകയെന്ന അബ ദ്ധം അതിലുണ്ട്. മനുഷ്യരിൽ ആരും സ്വയംപര്യാപ്തരല്ല.

സമ്പന്നതയിലും ദാരിദ്ര്യത്തിലും കൈക്കൊള്ളേണ്ട സംസ്കാരം എന്തെന്ന് ദൈവം പഠിപ്പിച്ചു തന്നിട്ടുണ്ട്. സമ്പന്നാവസ്ഥ കൈവരുമ്പോൾ അതിൽ മറ്റുള്ളവരുടെ പങ്ക് നിഷേ ധിക്കാതിരിക്കുകയും ദുർവ്യയത്തിലൂടെ അത് നശിപ്പിക്കാതിരിക്കുകയും ദൈവത്തോടും മനു ഷ്യരോടും കൂടുതൽ സാമീപ്യം പുലർത്തുകയും ചെയ്യുക. ദാരിദ്ര്യാവസ്ഥയിൽ ക്ഷമി ക്കുകയും സൂക്ഷ്മത പാലിക്കുകയും ദൈവത്തോട് പ്രാർഥിക്കുകയും ചെയ്യുക. ഈ രീതി ജീവിതത്തിൽ അവലംബിക്കാൻ മനുഷ്യൻ ബാധ്യസ്ഥനാണ്.

ജീവിതത്തിന്റെ പിന്നിട്ട വഴികളെ വിസ്മരിക്കാതിരിക്കൽ വിവേകമുള്ള മനസ്സിന്റെ അടയാളമാണ്. സമ്പന്നതയിലും ദാരിദ്ര്യത്തിലും മിതവ്യയം പാലിക്കണമെന്ന് ഖുർആൻ നിർദേശിച്ചു. നീതിപൂർവകമായ സാമ്പത്തികസംസ്കാരം ആർജിക്കാൻ സാധിക്കുന്നതോ ടൊപ്പം ജീവിതത്തിൽ വിവേകപൂർണമായ മാനുഷികപെരുമാറ്റവും കൈക്കൊള്ളാൻ സാധി ക്കണമെന്നതാണ് അതിന്റെ ആന്തരികാർഥം. ധനമുള്ളപ്പോൾ മറ്റുള്ളവരെ അവഗണിച്ചും ഇല്ലാത്തപ്പോൾ അവരെ ആശ്രയിച്ചും നിലകൊള്ളുന്ന തരത്തിലല്ല മനുഷ്യന്റെ സാമൂഹിക വ്യവസ്ഥയെ ദൈവം സംവിധാനിച്ചിട്ടുള്ളത്. അതിനു മുമ്പിൽ മനുഷ്യബന്ധം സാഹോദര്യവും സമത്വവും നിറഞ്ഞതാണ്.

ക്ഷേമാവസ്ഥയിൽ മറ്റുള്ളവരിൽനിന്ന് മുഖം തിരിക്കുന്നത് തെറ്റിദ്ധാരണയുണ്ടാക്കു ന്നതാണ്. എന്നാൽ ഭൗതികമായി ഒരാൾ നന്നാകുമ്പോൾ അവനോട് അസൂയയും വിദ്വേ ഷവും പുലർത്തുന്നത് നല്ലതല്ല. കാരണം, അത് ദൈവികമാണ്. ആരെ നന്നാക്കണം ആരെ ഇകഴ്ത്തണമെന്നത് ദൈവത്തിന്റെ കാര്യമാണ്. മനുഷ്യർക്കതിൽ കാര്യമില്ല. അദ്ധ്വാനിക്ക ലാണ് അവന്റെ ബാധ്യത

മനുഷ്യബന്ധങ്ങൾക്ക് സമ്പത്ത് മാനദണ്ഡമാക്കരുതെന്നാണ് സൂചിപ്പിച്ചത്. പക്ഷേ, പലപ്പോഴും പാലിക്കപ്പെടാതെ പോകുന്നതും അതുതന്നെയാണ്. കുടുംബരംഗത്തും മക്കളോ ടുള്ള സമീപനത്തിൽ പോലും അതിന്റെ ഛായ കാണാം. ശത്രുവിനെയും മിത്രത്തെയും സൃഷ്ടിക്കാൻ പിശാചിന് വലിയ ഉപകരണമായി ഇത് മാറാറുണ്ട്. കൂട്ടുകുടുംബത്തിന്റെ കണ്ണി അറുത്തുമുറിക്കുവാനാണ് പിശാച് അതിലൂടെ ശ്രമിക്കുക. സമ്പത്തിന്റെ ഈ മാരക ഭാവം കണ്ടറിയാൻ സാധിക്കുന്നതാണ് വിവേകം.

ഇതിന് മറുവശവുമുണ്ട്. ഇല്ലായ്മക്കു ശേഷം കൈവരുന്ന ക്ഷേമാവസ്ഥയിലും സാമൂഹിക ബന്ധങ്ങളെ പഴയതുപോലെ കാത്തുസൂക്ഷിക്കുകയും എന്നാൽ നേരത്തെയു ണ്ടായിരുന്ന സഹകരണം നിർത്തലാക്കുകയും ചെയ്യുകയത്രെ അത്. ഉള്ള അവസ്ഥയോട് നീതി പുലർത്താതിരിക്കുകയും വസ്തുത മറച്ചുവെക്കുകയും ചെയ്യുകയത്രെ അതിലൂടെ ചെയ്യുന്നത്. എന്റെ കൈവശമുള്ളത് തീരുമെന്ന ഭയമാണ് ഇത്തരം സമീപനങ്ങൾക്ക് ആളു കളെ നിർബന്ധിതരാക്കുന്നത്. ദൈവത്തോടും മനുഷ്യരോടുമുള്ള നീതിനിഷേധമാണത്. അ ത്തരം ആളുകളെ പിശുക്കിന്റെ പട്ടികയിലാണ് സമൂഹം ഉൾപ്പെടുത്തുക. ക്ഷേമാവസ്ഥ യിൽ സന്തുഷ്ടരും ദാരിദ്ര്യാവസ്ഥയിൽ പലപ്പോഴും മ്ലാനരുമായിരിക്കും ഇത്തരക്കാർ. അത് ആരോഗ്യകരമായ സമീപനമല്ല.

മറ്റുചിലരുണ്ട്. ഇപ്പറഞ്ഞതിൽനിന്നെല്ലാം വ്യത്യസ്തരായിരിക്കും അവർ. അവരുടെ സമ്പന്നാവസ്ഥ ആളുകൾക്ക് സാമ്പത്തികമായി അനുഭവിക്കാനാകുന്നതോടൊപ്പം അവരുടെ ഇല്ലായ്മ സ്നേഹസഹവാസത്തിന്റെ രൂപത്തിലും സമൂഹത്തിന് അനുഭവിക്കാൻ സാധിക്കും. ഏത് അവസ്ഥയിലും മിതവ്യയവും നീതിയുമായിരിക്കും അവരുടെ സമീപനത്തിലുണ്ടാവുക. തനിക്ക് ചുറ്റും ആവശ്യക്കാരുടെ അണികളുണ്ടെന്ന ബോധം അത്തരക്കാർ എപ്പോഴും കാ ത്തുസൂക്ഷിക്കും. അവരുടെ ഇല്ലായ്മ ജനങ്ങൾക്ക് പ്രയാസമാകില്ല. കാരണം, അപ്പോഴും തനിക്ക് ചെയ്യാനാകുന്ന വിധത്തിലവർ സമൂഹത്തിൽ സ്ഥാനമുറപ്പിച്ചിരിക്കും. അതത്രെ മാനു ഷികത.

സമൂഹത്തിൽ കണ്ടുവരുന്ന വിവിധ ചിത്രങ്ങളാണിത്. ധനം ബന്ധങ്ങളെ നിർണയി ക്കാനുള്ള മാനദണ്ഡമാക്കാതിരിക്കുകയും ക്ഷേമാവസ്ഥയിൽ സ്വയം പര്യാപ്തനായി മറ്റുള്ള വരെ അവഗണിക്കാതിരിക്കുകയും ഇല്ലായ്മയിൽ അക്ഷമ പ്രകടിപ്പിക്കാതിരിക്കുകയും ചെയ്യു കയെന്നതാണ് പൂർണമായ വിവേകത്തിന്റെ വഴി.